കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## രാമങ്കരി ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി10-318/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി. 06.05.2019

ഫോൺ – 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

.
.
.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

രാമങ്കരി ഗ്രാമ പഞ്ചായത്ത്

.
.
.

സർ,

വിഷയം : രാമങ്കരി ഗ്രാമ പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി10-318/19 06.05.2019

# ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 22.05.2017 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 03.04.2019മുതൽ<br>12.04.2019 വരെ | ശ്രീമതി. വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രശോഭൻ. കെ. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജാക്വലിൻ.പി. ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. മഞ്ജു. ഡി | 01.04.2017 മുതൽ 31.03.2018 വരെ |

2. സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. എസ്. അനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. റ്റി. നളിനി | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ബിന്നിമോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. വിഷ്ണു വിജയൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. അന്നമ്മ | 01.04.2017 മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. നിസാം. എ. എച്ച് | 01.04.2017 മുതൽ 06.05.2017 വരെ<br>12.05.2017 മുതൽ 21.06.2017 വരെ |
| | ശ്രീ. സിറാജുദ്ദീൻ. എം.എ (ചാർജ്ജ്) | 07.05.2017 മുതൽ 11.05.2017 വരെ |
| | ശ്രീമതി. സുജ ഈപ്പൻ (ചാർജ്ജ്) | 22.06.2017 മുതൽ 14.07.2017 വരെ |
| | ശ്രീ. ബേബി ജോൺ (ചാർജ്ജ്) | 15.07.2017 മുതൽ 07.10.2017 വരെ |
| | ശ്രീ. ജഗൻ നാഥ്. ബി (ചാർജ്ജ്) | 08.10.2017 മുതൽ 09.11.2017 വരെ |
| | ശ്രീമതി. തെരേസ അലക്സ് (ചാർജ്ജ്) | 10.11.2017 മുതൽ 11.12.2017 വരെ<br>02.01.2018 മുതൽ 31.03.2018 വരെ |
| | ശ്രീമതി. കൃഷ്ണ പ്രിയ. പി. ജെ | 12.12.2017 മുതൽ 01.01.2018 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. പൂർണ്ണിമ. റ്റി.എ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. വിനീത. പി. എം | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ചിന്നദുരൈ | 05.11.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ. ആതിര. എസ് | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഷീല ദേവസ്യ | 01.04.2017 മുതൽ 31.08.2017വരെ |
| | ശ്രീമതി. അഞ്ജു അരുമനായകൻ | 01.09.2017 മുതൽ 05.12.2017വരെ |
| | ശ്രീമതി. റോസമ്മ. കെ.ബി | 06.12.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ആശാരാജ്. ആർ | 01.04.2017 മുതൽ 31.03.2018വരെ |
| എച്ച്.എം. യു.പി.എസ് | ശ്രീമതി. ലൈല ആന്റണി | 01.04.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ. | ശ്രീ. സുമേഷ്. പി. സി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ഗീത. എസ് | 01.04.2017 മുതൽ 18.11.2017വരെ |
| | ശ്രീമതി. രാജി. ആർ. നായർ | 19.11.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ജെസ്സി വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018വരെ |


ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വസ്തുനികുതി നിർണ്ണയം അപാകതകൾ |
| 3 | 2-2 | മൊബൈൽ ടവർ വസ്തുനികുതി - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതുമൂലം നഷ്ടം |
| 4 | 2-3 | ഡി & ഒ ലൈസൻസ് അപാകതകൾ |
| 5 | 2-4 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. |
| ഭാഗം – 3 | | |
| 6 | 3-1 | ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 17.39 ലക്ഷം പാഴായി |
| 7 | 3-2 | പഞ്ചായത്ത് ഓഫീസ് ക്യാബിൻ സംവിധാനം |
| 8 | 3-3 | ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം കാര്യക്ഷമമല്ല. |
| 9 | 3-4 | ഹെഡ്മിസ്ട്രസ് നിർവ്വഹണം ചെയ്ത പ്രൊജക്ടുകൾ - രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 10 | 3-5 | ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗിക്കാത്ത തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 11 | 3-6 | വെള്ളക്കരം - വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 12 | 3-7 | 43-ം നമ്പർ അംഗൻവാടി വിവര സാങ്കേതിക വിഭവ കേന്ദ്രമാക്കുക (പ്രോജക്ട് നം. 031/18) -പ്രോജക്ട് ലക്ഷ്യം നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നില്ല. |
| 13 | 3-8 | സുകൃതം- (പ്രോജക്ട് നം. 076/18) പ്രോജക്ട് ലക്ഷ്യം നടന്നില്ല |
| 14 | 3-9 | തുല്യത കോഴ്സ് പദ്ധതി -രേഖകൾ ഹാജരാക്കിയില്ല |
| 15 | 3-10 | ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ചിട്ടില്ല |
| 16 | 3-11 | മാലിന്യനിർമ്മാർജ്ജനം - പ്രവർത്തനങ്ങൾ നടക്കുന്നില്ല |
| 17 | 3-12 | ആരോഗ്യസേന (പ്രോജക്ട് നം.074/18 ) പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നില്ല |
| 18 | 3-13 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 19 | 3-14 | SSA - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു |
| 20 | 3-15 | ചെലവ് പത്രികയിൽ പൂർണ്ണമായ ചെലവ് കാണിച്ചിട്ടില്ല |
| ഭാഗം – 4 | | |
| 21 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 22 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 23 | അനുബന്ധം 2 | . |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

18.03.2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 73875408 | 68960000 |
| വാർഷിക കണക്ക് പ്രകാരം | 41461496 | 39214731 |

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പഞ്ചായത്ത് മാന്വൽ ഇവ അനുശാസിക്കുന്ന നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തതിനോ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതിനോ രേഖകളില്ല.
2. ഘടകസ്ഥാപന മേധാവികൾ നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകിയിട്ടില്ല.
3. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.
4. സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 19.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSA-ALP-GA4-1126(48)/2018, തീയതി. 06.07.2018 | വിശേഷണങ്ങളോടുകൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5489238 |
| വരവ് | 41461496 |
| ആകെ | 46950734 |
| ചെലവ് | 39214731 |
| നീക്കിയിരിപ്പ് | 7736003 |

### 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 8461484 | 8461484 | 7542122 | 919362 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3982567 | 3982567 | 3606786 | 375781 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 4593524 | 4593524 | 4593524 | 0 |
| മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് | 0 | 3470082 | 3470082 | 3470082 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5131268 | 5131268 | 5131268 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 2235072 | 2235072 | 1790615 | 444457 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 1202037 | 5600894 | 6802931 | 5889174 | 913757 |
| എസ്.ബി.ഐ പ്ലാൻ | 197585 | 7360 | 204945 | 0 | 204945 |
| എസ്.ബി.ഐ സാനിട്ടേഷൻ | 627307 | 1240255 | 1867562 | 0 | 1867562 |
| എസ്.ബി.ഐ ലിറ്ററസി | 17746 | 64774 | 82520 | 0 | 82520 |
| ടി.എസ്.ബി Interest Account | 0 | 1070036 | 1070036 | 1009020 | 61016 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 358607 | 2671561 | 3030168 | 2576499 | 453669 |
| തനതുഫണ്ട് എസ്.ബി.ഐ | 1103418 | 5463133 | 6566551 | 4410755 | 2155796 |
| കുട്ടനാട് പാക്കേജ് | 904486 | 33690 | 938176 | 0 | 938176 |
| ബി ഫണ്ട് | 0 | 99720 | 99720 | 99720 | 0 |
| ക്യാഷ് (തനത് ഫണ്ട്) | 173699 | 58562 | 232261 | 173699 | 58562 |

കുറിപ്പ്: ട്രാൻസാക്ഷൻ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും ബാലൻസ് തുക, ലഭിച്ച ഫണ്ടിന്റെ അടിസ്ഥാനത്തിൽ അതത് ശീർഷകങ്ങളിൽ അടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 36417793 | 120 | 26523609 | 7 | 40 | 72 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 358607 | 2671561 | 3030168 | 2576499 | 453669 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11746344 | 11746344 | 11746344 | 0 |
| ആകെ | 358607 | 14417905 | 14776512 | 14322843 | 453669 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 39720 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 10078100 | 872 |
| വിധവാ പെൻഷൻ | 3738200 | 322 |
| വാർദ്ധക്യകാല പെൻഷൻ | 9160600 | 736 |
| വികലാംഗ പെൻഷൻ | 1659900 | 139 |
| അവിവാഹിത പെൻഷൻ | 247300 | 21 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 60000 | 2 |
| ആകെ | 24983820 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.04.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 274 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചതിന്റേയോ സമിതി യോഗം ചേർന്നതിന്റേയോ രേഖകൾ ഹാജരാക്കിയില്ല.
2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
8. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
10. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.02.2019 | 1/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.06.2018 – 04.07.2018 | 2013-14 മുതൽ 2017-18 വരെ | 03.08.2018 |

### 1-12 വാർഷിക കണക്കിലെ അപാകതകൾ

1. മെയിന്റനൻസ് ഗ്രാന്റ് ACR പ്രകാരമുള്ള ചെലവ് 4593524/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 4144014/- രൂപയാണ്.
2. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം 60000/- രൂപ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വാർഷികകണക്ക് 2016-17 ബാലൻസ് ഷീറ്റ് B-12 പ്രകാരം ഇൻവെസ്റ്റ്മെന്റ് 898002/- രൂപയാണ്. എന്നാൽ TSB A/c 799010100079346 – ൽ 25.07.2017ൽ വരവുവന്ന സ്ഥിരനിക്ഷേപത്തുക 979800/- രൂപയാണ്. ഗ്രാമ പഞ്ചായത്തിൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
4. ബാലൻസ് ഷീറ്റ് B-19 പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക 1787000/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം പ്രോജക്ടിനായി ഡെപ്പോസിറ്റ് ചെയ്ത 1787000/- രൂപയിൽ 1242212/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2017-18 വർഷം പൈപ്പ് ലൈൻ എക്സ്റ്റെൻഷനായി വാട്ടർ അതോറിറ്റിയിൽ 436727/- രൂപ നിക്ഷേപിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഈ തുക ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല.

KSA-ALP-GA4-1126(48)/2018, തീയതി. 06.07.2018 – ൽ പരാമർശിച്ചിട്ടുള്ള മറ്റ് അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയം അപാകതകൾ

സിജിമോൻ, സുബിമോൾ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 329.87 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 17-18 വർഷം നമ്പറിട്ട് വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. 3/561 A മുതൽ I വരെ നമ്പരായി കെട്ടിട നമ്പർ നൽകിയാണ് നികുതി ഈടാക്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 329.87 ചതുരശ്രമീറ്റർ

ആയിരിക്കെ 318.45 m2 തറവിസ്തീർണ്ണത്തിന് മാത്രമാണ് നികുതി ഈടാക്കിയിട്ടുള്ളത്. 11.42 ചതുരശ്രമീറ്റർ തറവിസ്തീർണ്ണം ഒഴിവാക്കപ്പെടാനുള്ള കാരണം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പുനഃപരിശോധന നടത്തി നികുതി നിർണ്ണയം കൃത്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനഃപരിശോധിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവർ വസ്തുനികുതി - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതുമൂലം നഷ്ടം

ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന 309 കെട്ടിടനമ്പരായുള്ള മൊബൈൽ ടവറിന്റെ ഉപയോഗക്രമം ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ളവ എന്ന വിഭാഗത്തിലുൾപ്പെടുത്തിയാണ് നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. 01.12.2011 ലെ സി3-3110/11(2) പ്രകാരം അടിസ്ഥാനവസ്തുനികുതി നിരക്ക് മൊബൈൽ ടവറിന് ഒരു ചതുരശ്രമീറ്ററിന് 500/- രൂപ ഈടാക്കേണ്ടതാണ്. എന്നാൽ ഉപയോഗക്രമം ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ ഒരു ചതുരശ്രമീറ്ററിന് 60/- രൂപ നിരക്കിലാണ് നികുതി ഈടാക്കിവരുന്നത്. നിലവിൽ ഈടാക്കിക്കൊണ്ടിരിക്കുന്ന നികുതിയുടെയും, ഈടാക്കേണ്ട നികുതിയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| നിലവിൽ ഈടാക്കുന്ന നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|
| അടിസ്ഥാനവസ്തുനികുതി നിരക്ക് -60/-<br>തറവിസ്തീർണ്ണം - 9m$^2$<br>അടിസ്ഥാന വസ്തുനികുതി = 9x60 = 540/-<br>കുറഞ്ഞ തരം മേൽക്കൂര ഇളവ് 10 % = 54/-<br>വസ്തുനികുതി = 486/- | അടിസ്ഥാനവസ്തുനികുതി നിരക്ക് -500 /-<br>തറവിസ്തീർണ്ണം - 9m$^2$<br>അടിസ്ഥാന വസ്തുനികുതി = 9x500 = 4500/-<br>കുറഞ്ഞ തരം മേൽക്കൂര ഇളവ് 10 % = 450/-<br>വസ്തുനികുതി = 4050/- | 3564 /-<br>2013-14 മുതൽ 2017-18 വരെ<br>3564x5= 17820 /- |

ടവറിന്റെ വസ്തുനികുതി അസ്സസ്സ്ചെയ്ത വർഷം അറിയിക്കുവാനും മേൽ അപാകതയ്ക്ക് വിശദീകരണം നൽകുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 1993-94 വർഷത്തിലാണ് ARV പ്രകാരം നികുതി അസ്സസ്സ്ചെയ്തതെന്നും അസ്സസ്മെന്റ് രജിസ്റ്റർ കാലപ്പഴക്കത്താൽ നശിച്ച് പോയതിനാൽ ഈടാക്കിയിരുന്ന നികുതി കണ്ടെത്താനായില്ലെന്നും മറുപടി നൽകി. അതിനാൽ വസ്തുനികുതി പരിഷ്കരണത്തിന് മുൻപ് ഈടാക്കിയിരുന്ന നികുതിയുടെ കൃത്യത പരിശോധിക്കാനാവില്ല. എന്നാൽ, സഞ്ചയസോഫ്റ്റ്വെയർ ഡിമാന്റ് പരിശോധിച്ചതിൻപ്രകാരം 2013 ലെ വസ്തുനികുതി പരിഷ്കരണം മുതൽ ഈ അപാകത സംഭവിച്ചതിനാൽ കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കി വരുന്നത്. ഇപ്രകാരം 2013-14 വർഷം മുതൽ ഓഡിറ്റ് കാലയളവ് വരെ കുറഞ്ഞനിരക്കിൽ നികുതി ഈടാക്കിയത് മൂലം 17820/- നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ നഷ്ടം പ്രസ്തുത മൊബൈൽ മാനേജ്മെന്റ് കമ്പനിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡി&ഒ ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നവരുടെ വാർഡ് തിരിച്ച് എഴുതിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/ വ്യവസായം/ മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നം., ഉടമയുടെ പേര്,

സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ലൈസൻസ് ഫീസ് എന്നിവ ക്രോഡീകരിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതും തനതു വരവിനങ്ങൾ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി, പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കേണ്ടതുമാണ്. എല്ലാ വ്യാപാരസ്ഥാപനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.15ന് സെക്രട്ടറി നൽകിയ മറുപടിയിൽ നിന്നുമുള്ള വിവരങ്ങൾ)

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളുടേയും, റേഷൻ കടകളുടേയും വിവരങ്ങളും അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15) സെക്രട്ടറി നൽകിയ മറുപടി പ്രകാരം 4 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ 2 കള്ളുഷാപ്പുകൾ ലൈസൻസ് എടുത്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് എടുക്കുന്നതിലേയ്ക്ക് അപേക്ഷാ ഫോറം നൽകിയിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ള കള്ളുഷാപ്പുകൾ, റേഷൻ കടകൾ, അഭിഭാഷകർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 17.39 ലക്ഷം പാഴായി

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 17.39 ലക്ഷം പാഴായി. എന്നാൽ മെയിന്റനൻസ് ഫണ്ട് റോഡ്, മെയിന്റനൻസ് ഫണ്ട് നോൺ റോഡ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയായി ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചു എന്നത് അഭിനന്ദനാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 919362 |
| വികസന ഫണ്ട് എസ്.സി.പി. | 375781 |
| കെ.എൽ.എസ്.ജി.ഡി.പി | 444457 |
| ആകെ | 1739600 |

ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആകെ 167പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 40

പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 പഞ്ചായത്ത് ഓഫീസ് ക്യാബിൻ സംവിധാനം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം പഞ്ചായത്ത് ഓഫീസ് ക്യാബിൻ സംവിധാനം (S0013/18), പഞ്ചായത്ത് ഓഫീസിൽ ക്യാബിൻ സംവിധാനം രണ്ടാം ഘട്ടം (S0182/18) എന്നീ രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഇതിനായി കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനത്തിന് യഥാക്രമം 989600 രൂപയും (400000 രൂപ 2018-19 വർഷമാണ് ചെലവഴിച്ചത്) 424850 രൂപയും നൽകിയിട്ടുണ്ട് . സ്ഥാപനം ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ഫർണീച്ചറും ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ഫർണിച്ചറും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു.

1. Steel Executive Arm chair 20 എണ്ണത്തിനുപകരം 8 steel arm chair ഉം 16 റിവോൾവിംഗ് ചെയറുമാണ് ലഭിച്ചിട്ടുള്ളത്. Revolving Chair Net back 23 എണ്ണത്തിനുപകരം 20 എണ്ണവും Visiters Chair single 11 എണ്ണത്തിനുപകരം 4 എണ്ണവുമാണ് ലഭിച്ചിട്ടുള്ളത്. ക്വട്ടേഷനിലോ ബില്ലിലോ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.
2. Cabin work with Aluminium എന്നതിനായി GST ഉൾപ്പെടെ 200070 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെയ്ത പ്രവൃത്തികളിലൊന്നും തന്നെ അലുമിനിയം ഉപയോഗിച്ചിട്ടില്ല. MDF ആണ് ഉപയോഗിച്ചിട്ടുള്ളത്. അതുപോലെ sliding doors with Aluminium 5 എണ്ണം ബില്ലിൽ കാണിച്ചിട്ടുണ്ടെങ്കിലും sliding door അല്ല നിർമ്മിച്ചിട്ടുള്ളത്. അലുമിനിയം ഉപയോഗിച്ചിട്ടുമില്ല. ക്യാബിൻ വർക്കുകൾ, ഫയൽ റാക്കുകൾ മുതലായവ ഓഫീസിന്റെ സ്ഥലസൗകര്യത്തിനനുസരിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. എണ്ണവും അളവുകളും ബില്ലുമായി പരിശോധിക്കാൻ കഴിയുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ പ്രകാരമുള്ള മുവബിൾ ആയിട്ടുള്ള ഫർണിച്ചർ അതേപടി ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. ലഭിച്ച ഫർണിച്ചർ തിട്ടപ്പെടുത്തി ശരിയായ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (12/10.04.19) നൽകിയതിനെത്തുടർന്ന് ഓഡിറ്റ് വേളയിൽ സ്ഥാപനം 7 റിവോൾവിംഗ് ചെയറുകൾ നൽകുകയുണ്ടായി. ഇവ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുക്കേണ്ടതാണ്. കരാർ സ്ഥാപനത്തിന്റെ സാന്നിദ്ധ്യത്തിൽ പ്രസ്തുത രണ്ടു പ്രോജക്ടുകളിലായി ഗ്രാമ പഞ്ചായത്തിനു ലഭിച്ച ഫർണിച്ചറിന്റെ കണക്ക് തയ്യാറാക്കേണ്ടതും അതനുസരിച്ചുള്ള ബിൽ സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ടതുമാണ്. ലഭ്യമായ ഫർണീച്ചറിന്റെ വിവരങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതാണ്. അതുപോലെ ക്യാബിൻ വർക്കുകൾ, ഡോറുകൾ, ഫയൽ റാക്കുകൾ എന്നിവയുടെ അളവുകളും എണ്ണവും പരിശോധിച്ച് യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തികളുടെ മൂല്യം നിർണ്ണയിക്കേണ്ടതാണ്. സ്ഥാപനത്തിന് അധികതുക നൽകിയിട്ടുണ്ടെങ്കിൽ ഈടാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

   *ചെലവ്*

   ബിൽ നം. 41/17-18/26.03.2016, 424850/-

   ബിൽ നം. 40/17-18/26.03.2016, 509600/-

## 3-3 ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം കാര്യക്ഷമമല്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. S063/18) പദ്ധതി വിഹിതം 200000/- രൂപയും, ബ്ലോക്ക്- ജില്ലാപഞ്ചായത്ത് വിഹിതമായി 90000/- രൂപ വീതവും വകയിരുത്തിയിരുന്നു. എന്നാൽ പദ്ധതി വിഹിതം 199829/- രൂപയും, ബ്ലോക്ക് വിഹിതം 90000/- രൂപയും മാത്രമാണ് ചെലവഴിച്ചത്. ജില്ലാപഞ്ചായത്ത് വിഹിതം

ആവശ്യപ്പെടുകയോ ചെലവഴിക്കുകയോ ചെയ്തില്ല. വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാൻ ശ്രമിക്കാതെ ലഭിച്ചതുക യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ ചെലവഴിക്കുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥ ചെയ്തിട്ടുള്ളത്. വളരെയധികം അവശതയനുഭവിക്കുന്ന ഈ വിഭാഗം ആളുകൾക്കായി നടത്തുന്ന പ്രോജക്ടിന്റെ നടത്തിപ്പ് കാര്യക്ഷമമാണെന്ന് ഉറപ്പാക്കുന്ന കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിച്ചതായി കാണുന്നില്ല. പ്രധാന പോരായ്മകൾ താഴെ വിവരിക്കുന്നു.

1. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ആരെല്ലാമാണെന്നും മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആരെല്ലാമാണെന്നും ഉള്ള പ്രത്യേക ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ഏതെല്ലാം ക്ലാസിൽ പഠിക്കുന്നവരാണെന്നുള്ള രേഖകൾ ഹാജരാക്കിയില്ല. അതുപോലെ മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകുന്നവർ ആരെല്ലാമാണെന്നോ അവിടെ പോകാത്തവർ ആരെല്ലാമാണെന്നോ ഉള്ള രേഖകൾ സൂക്ഷിക്കുന്നില്ല.
2. സർക്കാർ മാർഗ്ഗരേഖ പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിന് അനുസരണമായാണ് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുള്ളതെന്ന് പരിശോധിക്കുവാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
3. മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ ഗുരുതരമായ അലംഭാവമാണ് വരുത്തിയിട്ടുള്ളത്. ഇത്തരക്കാർ വിദ്യാർത്ഥികളാണെങ്കിൽ 1000രൂപവീതം പ്രതിമാസ സ്കോളർഷിപ്പും പ്രതിമാസ യാത്രാബത്തയും അനുവദിക്കാവുന്നതാണ്. ഇതിനുപുറമേ വസ്ത്രങ്ങൾക്കും പഠനസാമഗ്രികൾക്കും വാർഷിക ബത്തയും അനുവദിക്കാവുന്നതാണ്. ഇതൊന്നും പരിഗണിച്ചതായി കാണുന്നില്ല.
4. ഹാജരാക്കിയ ലിസ്റ്റ് പ്രകാരം ഉള്ള 30 ഗുണഭോക്താക്കളിൽ 26 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണെന്നും 4 പേർ ശാരീരിക വെല്ലുവിളികൾ നേരിടുന്നവാരെണെന്നും ആണ് നിർവ്വഹണ ഉദ്യോഗസ്ഥ ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയത്. ഇവർക്ക് വിതരണം ചെയ്ത സ്കോളർഷിപ്പ് തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | ഒരാൾക്ക് നൽകിയ തുക | ആകെ |
|---|---|---|
| 3 | 9000 | 27000 |
| 7 | 9382 | 65674 |
| 4 | 9380 | 37520 |
| 1 | 9008 | 9008 |
| 5 | 9381 | 46905 |
| 1 | 9079 | 9079 |
| 1 | 9174 | 9174 |
| 3 | 7000 | 21000 |
| 1 | 7500 | 7500 |
| 2 | 5780 | 11560 |

| | | |
|---|---|---|
| 1 | 5400 | 5400 |
| 1 | 6980 | 6980 |
| ആകെ 30 | | 256800 |

ബിൽ നം. 5/ 14-2-2018 Rs.125100

ബിൽ നം. 7/ 28-2-2018 Rs. 41700

ചെക്ക് നം. 3015029/27-2-18 Rs. 90000

ഇതിനു പുറമെ യാത്രാബത്തയായി 33029/- രൂപയും ഇവർക്ക് വിതരണം ചെയ്തിട്ടുണ്ട് (ബിൽ നം.12/ 28-3-2018) മുകളിൽ ചേർത്തിട്ടുള്ള തുകകൾ വിതരണം ചെയ്തിട്ടുള്ളതിന് യാതൊരു മാനദണ്ഡവും പാലിച്ചിട്ടില്ല.

5. ഭിന്നശേഷിക്കാർക്കായി പ്രത്യേക ഗ്രാമസഭ കൂടിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പൂർണ്ണമായി വിതരണം ചെയ്യുന്നുണ്ടെന്നും ആയതിനാവശ്യമായ തുക പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ ലഭ്യമാകുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. അർഹമായ ആനുകൂല്യം വിതരണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഹെഡ്മിസ്ട്രസ് നിർവ്വഹണം ചെയ്ത പ്രൊജക്ടുകൾ - രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

പ്രൊജക്ട് നം. - S0049 /18

അടങ്കൽ - 300000 /- ( വികസനഫണ്ട്)

ചെലവ് - 164000 /- (ബിൽ നം 4/17-18 , 20.1.18 )

നിർവ്വഹണം - എച്ച്. എം, ഗവ. യു. പി. സ്കൂൾ

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതി നിർവ്വഹണത്തോടനുബന്ധിച്ച് the cycle motor traders, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും 22 dns silver star boys സൈക്കിൾ, 19 dns silver star lady cycle വാങ്ങുന്നതിനായി 164000/- രൂപ നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ക്യാഷ് ബിൽ, സ്ഥാപനം തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, വിതരണരേഖകൾ, കുട്ടികളുടെ സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2. പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

പ്രൊജക്ട് നം. - S0048/18

അടങ്കൽ - 100000/- ( വികസനഫണ്ട്)

ചെലവ് - 90832 /- (ബിൽ നം 6/17-18 /9.3.18)

നിർവ്വഹണം - എച്ച്. എം, ഗവ. യു. പി. സ്കൂൾ

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും എന്ന പദ്ധതി നിർവ്വഹണത്തോടനുബന്ധിച്ച് കൃഷ്ണ ഇൻഡസ്ട്രീസ് വാളത്തുംഗൽ എന്ന സ്ഥാപനത്തിന് 90832/- രൂപ നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ക്യാഷ് ബിൽ, സ്ഥാപനം തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, വിതരണരേഖകൾ, കുട്ടികളുടെ സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

മേൽ പ്രസ്താവിച്ച രണ്ട് പ്രോജക്ടുകളുടെയും അനുബന്ധരേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8, 10/09.04.2019) മറുപടി ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ യഥാക്രമം

164000/- രൂപയുടേയും, 90832/- രൂപയുടേയും ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗിക്കാത്ത തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2017-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B-19 പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക 1787000/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഈ തുകയുടെ വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/10.04.19) 2014-15 വർഷം "Pipeline Extension in Kothericadu colony from Pallichira to Kattady colony via Manguzhy Jn in Anchumanackal Colony in 6, 7, 8 of Ramankary Panchayat" എന്ന പ്രോജക്ടിനായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം പ്രോജക്ടിനായി ആകെ ചെലവഴിച്ചത് 1242212/- രൂപയാണ്. 544788/- രൂപ ബാലൻസുള്ളത് ഇതുവരെ വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിന് തിരികെ നല്കിയിട്ടില്ല. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 വെള്ളക്കരം - വാട്ടർ അതോറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

2017-18 വർഷം പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി S0009/18 നമ്പരായി പ്രോജക്ട് തയ്യാറാക്കുകയും റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 887256/- രൂപ വകയിരുത്തുകയും ചെയ്തു. 887256/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ പ്രകാരം 169 ടാപ്പുകൾക്ക് 73938/- രൂപയാണ് പ്രതിമാസം വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.10.2011-ലെ സി2-124/07 കത്ത് പ്രകാരം സംയുക്തപരിശോധന നടത്തുവാൻ നിർദ്ദേശിച്ചതനുസരിച്ച് 12.10.2011-ലെ 5(1) തീരുമാനപ്രകാരം സംയുക്ത പരിശോധന നടത്തുവാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടു. 2011 ഡിസംബർ മാസത്തിൽ സംയുക്തപരിശോധന നടത്തുന്നതിനായി തീയതി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സംയുക്തപരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സംയുക്തപരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/09.04.19) സംയുക്ത പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണത്തിനനുസൃതമായ വെള്ളക്കരമാണ് അടവാക്കുന്നതെന്നും ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 3-7 43-ാം നമ്പർ അംഗൻവാടി വിവര സാങ്കേതിക വിഭവ കേന്ദ്രമാക്കുക (പ്രോജക്ട് നം. 031/18) -പ്രോജക്ട് ലക്ഷ്യം നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നില്ല.

പഞ്ചായത്തിലെ ഒരു അംഗൻവാടിയെ തെരഞ്ഞെടുത്ത് അതിനെ വിവര സാങ്കേതിക വിഭവ കേന്ദ്രമായി ഉയർത്തുക എന്നതാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഇതിലൂടെ പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളുടേയും വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാകുമെന്നും ഓൺലൈൻ വഴി അംഗൻവാടികളുമായി ബന്ധപ്പെട്ടുള്ള റിപ്പോർട്ടുകൾ സ്വീകരിക്കുന്നതിനും അയക്കുന്നതിനും ഈ കേന്ദ്രത്തിലൂടെ സാധിക്കുമെന്നും വിലയിരുത്തുന്നു. പെൻഷൻ അപേക്ഷകൾ വിതരണം ചെയ്യുന്നതിനും ഇവ പഞ്ചായത്തിൽ സമർപ്പിക്കുന്നതിനും ഉള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഇതിലൂടെ സാധിക്കും എന്നും പ്രോജക്ട് ലക്ഷ്യത്തിൽ പറയുന്നുണ്ട്. ഇതിനായി ബിൽ നം. 6/22-2-18 പ്രകാരം 71497/- രൂപ പിൻവലിച്ച് സിൽവർ സ്കൈ ഗ്രൂപ്പ് കോട്ടയത്തിൽ നിന്നും മൈക്ക് സെറ്റ്, പ്രൊജക്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, പ്രിന്റർ തുടങ്ങിയവ വാങ്ങുകയുണ്ടായി. എന്നാൽ ഇവ സപ്ലൈചെയ്ത സിൽവർ സ്കൈ ഗ്രൂപ്പുമായി കരാർ വച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി പ്രകാരം ഈ ഉപകരണങ്ങൾ അംഗൻവാടി വർക്കർ ആണ് കൈകാര്യം ചെയ്യുന്നതെന്നും ഇവ കുട്ടികൾക്ക് പാട്ടും കഥകളും കാണിച്ചുകൊടുക്കുന്നതിനും മറ്റുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തെന്നും കാണുന്നു. പ്രോജക്ട് നടത്തിപ്പ് അതിന്റെ ലക്ഷ്യവുമായി യാതൊരു ബന്ധവുമില്ലാതെയാണ് പോകുന്നത് എന്നതാണ് കാണിക്കുന്നത്. ഇതിനായി അംഗൻവാടിയിൽ ഭൌതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നുള്ളതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ

വിശദീകരണം നൽകിയിട്ടില്ല. വാങ്ങിയിട്ടുള്ള സാധനങ്ങൾ പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ രീതിയിൽ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഉതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

## 3-8 സുകൃതം- (പ്രോജക്ട് നം. 076/18) പ്രോജക്ട് ലക്ഷ്യം നടന്നില്ല

വൃദ്ധ ജനങ്ങളുടെ പഞ്ചായത്ത് തല കൂട്ടായ്മ രൂപീകരിച്ചുകൊണ്ട് അവരുടെ ശാരീരിക മാനസിക ഉന്നമനത്തിനുവേണ്ടി മെഡിക്കൽ ക്യാമ്പുകളും ഉല്ലാസ പരിപാടികളും സംഘടിപ്പിച്ച് വാർദ്ധക്യത്തിലെ ഒറ്റപ്പെടലിൽ നിന്നും അവരെ തിരിച്ചുകൊണ്ടുവരുക എന്നതാണ് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നടപ്പാക്കിയ ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഇതിനായി ബിൽ നം. 5/2-3-18 പ്രകാരം 48700/- രൂപ പിൻവലിച്ച് ഫർണീച്ചർ, TV എന്നിവ വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രോജക്ടിനായി വികസനഫണ്ട് 215000/- രൂപ വകയിരുത്തിയതിൽ ആയുർവേദ – അലോപ്പതി മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് 60000/- രൂപയും, വയോജന ക്ലബ്ബുകളുടെ രൂപീകരണത്തിന് 65000/- രൂപയും, ആരോഗ്യ ബോധവൽക്കരണ ക്ലാസ് & കൌൺസിലിംഗിന് 15000/- രൂപയും, പഞ്ചായത്ത് തല വയോജന സംഗമത്തിന് 25000/- രൂപയും, പകൽ വീടിന് ഫർണീച്ചറിന് 50000/- രൂപയും വകയിരുത്തിയിരുന്നു. പ്രോജക്ട് പ്രകാരം പ്രതീക്ഷിച്ചിരുന്ന മെഡിക്കൽ ക്യാമ്പ് നടത്തുക, വയോജന ക്ലബ്ബുകൾ രൂപീകരിക്കുക, ആരോഗ്യ ബോധവൽക്കരണ ക്യാമ്പ് നടത്തുക, പഞ്ചായത്ത് തല വയോജന സംഗമം നടത്തുക എന്നിവയ്ക്കായി ചെലവ് നടത്തിയതായി കാണുന്നില്ല. പകരം ഫർണീച്ചർ, TV എന്നിവ വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പകൽവീടിനു വേണ്ടിയാണ് ഇവ വാങ്ങിയിട്ടുള്ളത് എന്നും 2018-19 ൽ മറ്റ് പ്രവർത്തനങ്ങൾ നടത്തി പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച് ഉള്ള രേഖകൾ ഹാജരാക്കിയില്ല. മാത്രമല്ല പകൽവീടിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നോ അതിലേക്ക് വാങ്ങിയിട്ടുള്ള സാധനങ്ങൾ എന്തെല്ലാമെന്നോ അവയുടെ സ്റ്റോക്ക് എഴുതിയിട്ടുണ്ടെന്നോ ഉള്ള യാതൊരു രേഖയും ഹാജരാക്കിയില്ല. പ്രോജക്ടുകളുടെ അന്തസത്ത ഉൾക്കൊണ്ട് പദ്ധതി പണം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വാങ്ങിയ സാധനങ്ങളുടെ വിനിയോഗ വിവരം ഹാജരാക്കാത്തതിനാൽ 48700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 തുല്യത കോഴ്സ് പദ്ധതി -രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം - S0175/18

അടങ്കൽ - 63500/- (വികസനഫണ്ട്)

ചെലവ് - 33500/- (ബിൽ നം - 5/17-18 /19.02.18 )

ഗ്രാമപഞ്ചായത്തിൽ ഹയർസെക്കന്ററി തുല്യതാ കോഴ്സിൽ ചേർന്ന് പഠിക്കുന്നതിനായി 10 പഠിതാക്കൾക്ക് രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനത്തിൽ 19500/- രൂപയും പത്താംതരം തുല്യതകോഴ്സിൽ 8 പഠിതാക്കൾക്കായി കോഴ്സ്ഫീസ് ഇനത്തിൽ 14,000/- രൂപയും സംസ്ഥാന സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. പഠിതാക്കളുടെ അറ്റൻഡൻസ്, ഹാൾടിക്കറ്റ്, പരീക്ഷ പാസായതിന്റെ വിവരങ്ങൾ തുടങ്ങിയവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/09.04.2019) മറുപടി ഹാജരാക്കിയില്ല. പ്രോജക്ടിനായി ചെലവഴിച്ച തുക 33500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ചിട്ടില്ല

ഹരിതകേരള മിഷന്റെ ആത്യന്തിക ലക്ഷ്യമായ മാലിന്യമുക്തകേരളം സാക്ഷാത്കരണത്തിനായി മാലിന്യങ്ങളുടെ സംസ്കരണം സംബന്ധിച്ച പദ്ധതികൾ അടിയന്തരമായി നടപ്പാക്കുന്നതിന് ശുചിത്വമിഷൻ ഫണ്ടായി 1200000 രൂപ ചെക്ക് നം. 949615/28.09.2017 പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. 28.09.2017-ലെ ഡി5-1578/2008 പ്രകാരം ജില്ലാ കളക്ടർ അനുവദിച്ച പ്രസ്തുത തുക ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ പ്രസ്തുത തുക വിനിയോഗിച്ചിട്ടില്ല. തുക വിനിയോഗിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/10.04.19) 2018-19 വർഷം വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ 2019-20 വർഷം സ്പിൽ ഓവറായി തുടരുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇതനുസരിച്ച് ഏറ്റെടുത്ത പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.

മെറ്റീരിയൽ റിക്കവറി കളക്ഷൻ സെന്റർ സ്ഥാപിക്കൽ - 400000/-

കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - 890000/-

എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ - 630000/-

പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കി ലഭിച്ച തുക വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 മാലിന്യനിർമ്മാർജ്ജനം - പ്രവർത്തനങ്ങൾ നടക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും ഉല്പന്നങ്ങളും ഗ്രാമ പഞ്ചായത്തിൽ നിരോധിച്ചിട്ടുണ്ട്. 15.09.2018- ൽ പഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക് നിരോധിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. കരട് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 12.02.2018-ലെ 9(1) തീരുമാനപ്രകാരം 26 അംഗങ്ങളുള്ള ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മിക്കുകയോ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ഹരിതകർമ്മസേന യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 ആരോഗ്യസേന (പ്രോജക്ട് നം.074/18 ) പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള വീടുകളിൽ പകർച്ച വ്യാധി പ്രതിരോധത്തിനു വേണ്ടിയും ജീവിത ശൈലീ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കു വേണ്ടിയും ആരോഗ്യ ബോധവൽക്കരണം നൽകുകയും നിരീക്ഷണ കാർഡ് വിതരണം ചെയ്ത് രോഗ വിവരങ്ങളും പരിസര ശുചിത്വവും മോണിറ്റർ ചെയ്യുക എന്നതുമാണ് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കിയ ഈ പ്രോജക്ടിന്റെ ലക്ഷ്യം. (അടങ്കൽ 25000/- രൂപ പദ്ധതി വിഹിതം) ഇതിനായി ബിൽ നം. 4/12-1-18 പ്രകാരം 24550/- രൂപ പിൻവലിച്ച് ആരോഗ്യ സേന അംഗങ്ങൾക്ക് ഫീൽഡ് ഡയറി (130 എണ്ണം), കൊതുക് സാന്ദ്രതാ നിരീക്ഷണ കാർഡ്, NCD കാർഡ്, IEC നോട്ടീസ് എന്നിവയ്ക്കായി താഴമഠത്തിൽ പ്രിന്റേഴ്സിനു നൽകി. ആരോഗ്യ സേനയുടെ പ്രവർത്തനം സംബന്ധിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ് എന്നു കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/09.04.19) പഞ്ചായത്തിലെ 13 വാർഡുകളിലായി 130 ആരോഗ്യസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും ഇവർ പ്രവർത്തനം നടത്തുന്നുണ്ടെന്നും അറിയിച്ചു. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു രേഖയും ഓഡിറ്റിനു ഹാജരാക്കിയില്ല. ആരോഗ്യ സേന ശരിയായി പ്രവർത്തിക്കുന്നുണ്ടെന്നും പ്രവർത്തന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

## 3-13 തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് സ്ഥാപിക്കൽ (പ്രോജക്ട് നം. S0003/18) എന്ന പ്രോജക്ട് പ്രകാരം KREWS എന്ന സ്ഥാപനത്തിൽനിന്നും 24 W LED (Street lighting Luminary Automatic Operation) 221 എണ്ണം വാങ്ങി. ഉപകരണങ്ങളുടെ വില 3023 രൂപയും ഇൻസ്റ്റലേഷൻ ചാർജ്ജ് 177 രൂപയും ഉൾപ്പെടെ 3200 രൂപയാണ്. സ്ഥാപനവും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ട കരാറിലെ നിബന്ധന 8 പ്രകാരം കരാറുകാരൻ സാധനങ്ങൾ വിതരണം ചെയ്ത് ബില്ല് ലഭ്യമാക്കി 15 ദിവസത്തിനകം വിതരണം ചെയ്ത സാമഗ്രികളുടെ തുക കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതും ബാക്കി തുക സാധനസാമഗ്രികൾ സ്ഥാപിച്ചശേഷം കരാറുകാരന്റെയും ബന്ധപ്പെട്ട വാർഡ് മെമ്പർ/പ്രസിഡന്റിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കൈമാറേണ്ടതുമാണ്. എന്നാൽ LED ലൈറ്റുകൾ സ്ഥാപിച്ചതായി സ്ഥാപനം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ല. വാർഡ് മെമ്പർ/ ഫീൽഡ് സ്റ്റാഫ് ഓരോ വാർഡിലും സ്ഥാപിച്ച LED ലൈറ്റുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരങ്ങളൊന്നും സാക്ഷ്യപത്രത്തിൽ കാണിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/09.04.19) ഗ്രാമ പഞ്ചായത്തിലെ പോസ്റ്റുകളിൽ ഒന്നും തന്നെ കെ.എസ്.ഇ.ബി നമ്പർ പതിപ്പിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് കെ.എസ്.ഇ.ബിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. പ്രോജക്ട് ആരംഭിക്കുന്നതിനുമുമ്പ് ഓരോ വാർഡിലും സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ എണ്ണം കണക്കാക്കി ആവശ്യകത നിർണ്ണയിച്ചിട്ടില്ല. ആവശ്യകത നിർണ്ണയിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വാങ്ങുവാനും ഇൻസ്റ്റലേഷൻ സംബന്ധിച്ച എല്ലാ രേഖകളും കൃത്യമായി

സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-14 SSA - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

ചെലവ് - 400000/- (SSA (gen) - ബിൽ നം. 1/17-18 /18.7.17. 200000/-)

(SSA (scp) – ബിൽ നം. 2/17-18 /18.7.17. 200000 /-)

2017-18 വർഷം ഹെഡ്മിസ്ട്രസ് യു. പി. സ്കൂൾ നിർവ്വഹണം ചെയ്ത എസ്. എസ്. എ (SCP പ്രൊജക്ട് നം. S0028/18), എസ്.എസ്.എ (ജനറൽ പ്രൊജക്ട് നം. S0050/18) എന്നീ പ്രോജക്ടുകളുടെ ഭാഗമായി 400000/- രൂപ എസ്.എസ്.എ ഡിസ്ട്രിക്ട് പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജാരാക്കിയില്ല. 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-15 ചെലവ് പത്രികയിൽ പൂർണ്ണമായ ചെലവ് കാണിച്ചിട്ടില്ല

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പ്രോജക്ട് നം. S0024/18) എന്ന പ്രോജക്ടിനായി വികസനഫണ്ട് (എസ്.സി.പി) 162000/- രൂപയും തനതുഫണ്ട് 45000/- രൂപയും ഉൾപ്പെടെ 207000/- രൂപയാണ് വകയിരുത്തിയത്. ടെൻഡർ ക്ഷണിച്ച് ആപ്പിൾ കമ്പ്യൂട്ടേഴ്സ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 23000/- രൂപ പ്രകാരം 8 ലാപ്ടോപ്പ് വാങ്ങിയതിന് 184000/- രൂപ ചെലവഴിച്ചു. വികസനഫണ്ട് എസ്.സി.പി. യിൽ നിന്നും 162000/- രൂപയും വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 22000/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കാതെ പ്രോജക്ടിനു വിരുദ്ധമായി വികസനഫണ്ട് ജനറലിൽ നിന്നും 22000/- രൂപ ചെലവ് ചെയ്തു. എന്നാൽ ചെലവ് പത്രികയിൽ 162000/- രൂപ മാത്രമാണ് ചെലവ് കാണിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/09.04.19) ആദ്യം വികസനഫണ്ട് ജനറലിൽ നിന്നുമാണ് 45000/- രൂപ വകയിരുത്തിയതെന്നും അതിൽനിന്നും 22000/- രൂപ ചെലവഴിച്ചെന്നും പിന്നീട് വികസന ഫണ്ട് ജനറലിൽ ചെലവഴിക്കാതെ ബാക്കിയായ തുക 23000/- രൂപ തനതുഫണ്ടാക്കി മാറ്റി പ്രോജക്ട് റിവൈസ് ചെയ്തെന്നും എന്നാൽ റിവിഷനുശേഷം വികസനഫണ്ട് ജനറലിൽ വകയിരുത്തിയ 45000/- രൂപ പൂർണ്ണമായി തനതുഫണ്ടായി മാറിയെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ചെലവ് പത്രികയിൽ 22000/- രൂപ ചെലവ് കാണിക്കാത്തതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 90000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 90000(*) | 0 |
| വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 60000 | പാൽ ഇൻസെന്റീവ് | 60000 | 0 |

(*) ബ്ലോക്ക് വിഹിതം 90,000/- രൂപ ചെലവഴിച്ചുവെങ്കിലും ചെലവ് പത്രികയിൽ ഇത് ചെലവായി കാണിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ.നം./ ചെക്ക് നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 9, 11 | 59/17-18/ 31.01.2018 | 436727 | 0 | 436727 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ട്രഷറിയിൽ 979800/- രൂപ സ്ഥിരനിക്ഷേപമുണ്ട്. 25.07.2017-ൽ 90236/- രൂപ TSB A/c 799010100079346 – ൽ സ്ഥിരനിക്ഷേപത്തിനുള്ള പലിശയിനത്തിൽ വരവുണ്ട്. പലിശവരവിന് 9020/- രൂപ ആദായനികുതി പിടിച്ച ശേഷം 1000000/- രൂപ സ്ഥിരനിക്ഷേപമായി ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ബാക്കി പലിശ തുക 61016/- രൂപ ടി.എസ്.ബി അക്കൗണ്ടിൽ അവശേഷിക്കുന്നു. ഗ്രാമ പഞ്ചായത്തിൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2011-12 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | തൈകൾ, വിത്തുകൾ സൂക്ഷിക്കുവാൻ സ്ഥലമില്ല. | മറുപടി നൽകി. |
| 2011-12 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കാത്തത് | മറുപടി നൽകി. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 41461496 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39214731 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 737032 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 254832 | ലൈല ആന്റണി, എച്ച്.എം, യു.പി.എസ് |
| 3-8 | 48700 | ഡോ. പൂർണ്ണിമ. റ്റി. എ, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-9 | 33500 | ലൈല ആന്റണി, എച്ച്.എം, യു.പി.എസ് |
| 3-14 | 400000 | ലൈല ആന്റണി, എച്ച്.എം, യു.പി.എസ് |
| ആകെ | 737032 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലൈല ആന്റണി, എച്ച്.എം,<br>യു.പി.എസ് | ജി.എൽ.പി.എസ്.,<br>വയലാർ നോർത്ത് | വല്യവീട്, പാതിരപ്പള്ളി പി.ഒ,<br>പൂങ്കാവ്, ആലപ്പുഴ |
| ഡോ. പൂർണ്ണിമ. റ്റി. എ,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി),<br>രാമങ്കരി | പൗർണ്ണമി, വിളഞ്ഞൂർ<br>ടെമ്പിൾ,<br>തിരുവമ്പാടി. പി. ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1994-95,<br>1995-96 | എൽഎഫ്എ.10/937/97/30-05-1999 |
| 1999-00 | എൽഎഫ്എ.14/982/01/22-10-2001 |
| 2006-07,<br>2007-08,<br>2008-09<br>2009-10 | എൽഎഫ്ജിഎ5/1578/13/21-05-2014436727 |
| 2010-11 | എൽഎഫ്.പി10/1294/12/19-11-2012/12-12-2012 |
| 2011-12,<br>2012-13 | എൽഎഫ്.പി10/190/14/25-04-2014/15-07-2014 |

| | |
|---|---|
| 2013-14 | കെഎസ്സ്എ/എഎൽപി/പി-10/1086/15/06-08-2015 |
| 2014-15 | കെഎസ്സ്എ/എഎൽപി/പി-10-641/16/09-06-2016/25-07-2016 |
| 2015-16 | കെഎസ്സ്എ/എഎൽപി/പി-10-45/17 തീയതി 23-01-2017 |
| 2016-17 | കെഎസ്സ്എ/എഎൽപി/പി-10-667/17 തീയതി. 08.06.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

# അനുബന്ധം 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ.4-1126(48)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി: 06.07.2018

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഖണ്ഡിക 1-12 ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 2

.

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ